ഉത്തരം

(എ) ജല അതോറിറ്റിയുടെ പൈപ്പ് ലൈനുകളിൽനിന്ന് ജലമോഷണം നടക്കുന്നതായി 965 പരാതികളാണ് 2013, 2014 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളത്.

(ബി) ജലമോഷണം തടയുന്നതിന് ആന്റി തെഫ്റ്റ് സ്കാഡും നൈറ്റ് സ്കാഡും നിലവിലുണ്ട്. ജലമോഷണം നടത്തുന്നത് ശിക്ഷാർഹമാണ് എന്ന് മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ബോധവൽക്കരണം നൽകിവരുന്നു. ജലമോഷണം കണ്ടുപിടിച്ചാൽ നിയമപ്രകാരം പിഴ ഈടാക്കുന്നു. പൊതുടാപ്പ് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട കൗൺസിലറുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ടാപ്പ് കട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ലോസുകൾ പിടിച്ചെടുക്കുകയും ചെയ്യാറുണ്ട്.

(സി) ജലമോഷണം നടത്തിയതിന് 31 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

നെയ്യാർ ഡാമിലെ ടൂറിസം വികസന പദ്ധതികൾ

163 (6868) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ പ്രമുഖ സ്ഥാനം വഹിക്കേണ്ട നെയ്യാർ ഡാമിലെ ടൂറിസം വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി യെക്കുറിച്ച് വിശദീകരിക്കാമോ ;

(ബി) "മിഷൻ 676" എന്ന പദ്ധതിയിൽ നെയ്യാർ ഡാമിന്റെ വികസന കാര്യങ്ങൾ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് തുടക്കം കുറിച്ച നെയ്യാർ ഡാം ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി (ടൂറിസം ഡെസ്റ്റിനേഷൻ പ്രോജക്ട്)-യുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പദ്ധതി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെയ്യാർ ഡാം ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിക്കായി 21-11-2007-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 11499/07/ടി.എസ്.എം. പ്രകാരം 302.53 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ജലസേചനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്കുവേണ്ടി 2,39,66,402 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നെയ്യാർ ഡാമിലെ പൂന്തോട്ടത്തിന്റെ പരിപാലനത്തിനും ശുചീകരണപ്രവർത്തനങ്ങൾക്കുമായി "2700-11-101-98-82 garden maintenance" എന്ന ശീർഷകത്തിൽ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൂന്തോട്ടത്തിന്റെ പരിപാലനവും ശുചീകരണപ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നുണ്ട്. സന്ദർശകരെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

(ബി) ഇല്ല. മിഷൻ 676-ൽ "എല്ലാവർക്കും കുടിവെള്ളം" എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പൂന്തോട്ട നവീകരണവും നടപ്പാത നിർമ്മാണവും പൂർത്തീകരിച്ചു.

ശിരുവാണി ഡാമിലെ ഉദ്യോഗസ്ഥർ തൊഴിലുറപ്പു പദ്ധതിയുടെ തുക വകമാറ്റി ചെലവാക്കിയത്

164 (6869) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിരുവാണി ഡാമിലെ ഉദ്യോഗസ്ഥർ തൊഴിലുറപ്പു പദ്ധതിയുടെ തുക വകമാറ്റി ചെലവാക്കി ദുർവിനിയോഗം നടത്തിയെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിലുറപ്പു പദ്ധതിയുടെ ഏതെങ്കിലും ജോലികൾ ശിരുവാണി പദ്ധതി പ്രദേശത്ത് നടപ്പിലാക്കുവാൻ ജലസേചന വകുപ്പ് ആർക്കും അനുവാദം നൽകിയിട്ടില്ല. തൊഴിലുറപ്പിന്റെ ഫണ്ട് ശിരുവാണി പദ്ധതിയിലേക്ക് നൽകിയിട്ടുമില്ല. ആയതിനാൽ തൊഴിലുറപ്പു പദ്ധതിയുടെ തുകവകമാറ്റി വിനിയോഗിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ഭൂഗർഭ ജല സംരക്ഷണം

165 (6870) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലവിതാനം അപകടകരമാംവിധം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂഗർഭജലം പരിരക്ഷിക്കുന്നതിനും ആയതിന്റെ പുനഃസംഭരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; അതിനായി 2012-13, 2013-14 വർഷത്തിൽ എന്തു തുക വകയിരുത്തി ; എന്തു തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly